പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1368 06/03/2018 ൽ മറുപടിക്ക്

## തെരുവുനായശല്യം നിയന്ത്രിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.കെ.എം.ഷാജി** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് തെരുവുനായ ശല്യം വർദ്ധിച്ചു വരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഇല്ല |
| **ബി)** ഇതു തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br>**സി)** തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്നിരിക്കെ സാധാരണക്കാരന്റെ ജീവനു സംരക്ഷണം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | **ബി) & സി)** സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. ഇതോടൊപ്പം തന്നെ പേ വിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്ത് നായകൾക്കും നൽകി വരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടിപടി സ്വീകരിച്ചിട്ടുണ്ട്. |
| **ഡി)** തെരുവനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ